"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ മരണമടഞ്ഞ മോഹനൻ പി.കെ -യുടെ മകൻ ശ്രീ.പ്രജിത്ത് പി.മോഹന് ആശ്രിത നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.163/2023/LSGD തീയതി,തിരുവനന്തപുരം, 08-09-2023

---

പരാമർശം:-

1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.
2. 21.02.2018 — ലെ സ.ഉ(കൈ) നം. 5/2018/ഉ.ഭ.പ.വ.
3. 14.07.2023-ലെ സ. ഉ (പി) നം.12/2023/ഉ.ഭ.പ.വ.
4. ശ്രീ.പ്രജിത്ത് പി.മോഹനന്റെ 29.01.2021 ലെ അപേക്ഷ.
5. പഞ്ചായത്ത് ഡയറക്ടറുടെ 25.05.2021-ലെ PAN/4889/2021-E14(DP) നമ്പർ കത്ത്.
6. തൃശ്ശൂർ ജില്ലാ കളക്ടറുടെ 15.06.2023 ലെ DCTSR/6814/2022-A6 നം കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ 30.10.2019 മരണമടഞ്ഞ മോഹനൻ പി.കെ-യുടെ മകനും ആശ്രിതനുമായ ശ്രീ.പ്രജിത്ത് പി.മോഹൻ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധ രേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (4) അപേക്ഷ ടിയാൾക്ക് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം

( 5 ) പ്രകാരം പഞ്ചായത്ത് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (6) പ്രകാരം തൃശ്ശൂർ ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്

2. തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ 30.10.2019-ന് മരണമടഞ്ഞ മോഹനൻ പി.കെ-യ്ക്ക് 11 വർ ഷവും 02 മാസവും 05 ദിവസവും സേവനകാലമുണ്ടെന്നും ശ്രീ.പ്രജിത്ത് പി.മോഹൻ ന് 35 വയസ്സുണ്ടെന്നും (ജനനതീയതി 17.10.1987) , ടിയാൾ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾ പാസ്സായിട്ടുണ്ടെന്നും, 28.04.2018-ലെ 7/2018//ഉ.ഭ.പ.വ ഉത്തരവ് പ്രകാരം ടിയാളുടെ കുടുംബ വാർഷിക വരുമാനം 60,000/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരന്റെ ആശ്രിതരാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും, ടിയാന്റെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ.പ്രജിത്ത്.പി.മോഹൻ-ന് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, പരാമർശം (2)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ ശ്രീ.പ്രജിത്ത്. പി.മോഹൻ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനുള്ള നിലവിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നതിനാൽ , പഞ്ചായത്ത് ഡയറക്ടറുടേയും, തൃശ്ശൂർ ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ 30.10.2019 ൽ മരണമടഞ്ഞ മോഹനൻ പി.കെ-യുടെ മകൻ ശ്രീ.പ്രജിത്ത്.പി.മോഹന് (പാലത്തോൾ ഹൗസ്, നെട്ടിശ്ശേരി പി.ഒ, തൃശ്ശൂർ-680 651.) നിലവിലുള്ളതും ചുവടെപ്പറയുന്ന മറ്റ് നടപടി വ്യവസ്ഥകൾക്കും വിധേയമായി പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള തൃശ്ശൂർ ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിന് തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
2. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.
3. സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷകന്റെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട്. പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ്

രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം(3) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

7. അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വച്ചാണ് ആശ്രിതനിയമനം കരസ്ഥമാക്കിയതെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ശ്രീ.പ്രജിത്ത് പി.മോഹൻ (പാലത്തോൾ ഹൗസ്,നെട്ടിശ്ശേരി, പി.ഒ,തൃശ്ശൂർ-680 651..) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, തൃശ്ശൂർ.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ,ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. 77/ഇപിഎ3/2021/തസ്വഭവ.)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 19-05-2023 11:04:07
സെക്ഷൻ ഓഫീസർ